**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 24**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പ്രളയം: വീടിനുണ്ടായ കേടുപാടുകൾക്ക് നഷ്ടപരിഹാരം; അപേക്ഷാസമയം നീട്ടി

2018 ലെ മഹാപ്രളയത്തിൽ വീടുകൾക്കുണ്ടായ കേടുപാടുകൾക്ക് നഷ്ടപരിഹാരത്തിന് അപേക്ഷിക്കുന്നതിനുള്ള സമയം സർക്കാർ നീട്ടി. അപേക്ഷകർ ജൂൺ 30 ന് മുമ്പ് അപേക്ഷ കളക്ടറേറ്റിൽ നൽകണമെന്ന് ജില്ലാ കളക്ടർ ടി വി അനുപമ അറിയിച്ചു. വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷയിൽ വീടിന്റെ കേടുപാടുകളുടെ വിശദാംശങ്ങൾ, അപേക്ഷകന്റെ മേൽവിലാസം, വില്ലേജ്, മുൻപ് അപേക്ഷിക്കുകയോ തുകയനുവദിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച പരാമർശം, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ കോപ്പികൾ എന്നിവ ഉൾപ്പെടുത്തണം. വീട്ടുടമസ്ഥന് നേരിട്ടോ റേഷൻ കാർഡിൽ പേരുള്ളവർക്കോ അപേക്ഷ സമർപ്പിക്കാം. മുൻപ് അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഒരു കുടുംബത്തിൽ നിന്ന് ഒന്നിലധികം അപേക്ഷകൾ സ്വീകരിക്കില്ല. ഇത്തരം അപേക്ഷ ഫോമുകൾ ചിലർ അച്ചടിച്ച് പണമീടാക്കി വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ഇത്തരം അപേക്ഷകൾ സ്വീകരിക്കുകയില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചു. ഒരിക്കൽ അപ്പീൽ തീരുമാനമെടുത്ത ശേഷം വീണ്ടും നൽകുന്ന അപേക്ഷകളും പരിഗണിക്കില്ല.

## ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പരിശീലനം

ഗുരുവായൂർ നഗരസഭ അമൃത് പദ്ധതിയുടെ ഭാഗമായി നഗരസഭ പരിധിയിലുള്ള വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ദുരന്തനിവാരണ പരിശീലനം നൽകുന്നു. ജൂൺ 26 ബുധനാഴ്ച രാവിലെ 10 മണിക്ക് നഗരസഭ ടൗൺ ഹാളിൽ നടക്കുന്ന പരിപാടി നഗരസഭ അധ്യക്ഷ വി എസ് രേവതി ഉദ്ഘാടനം ചെയ്യും.

നഗരസഭ വൈസ് ചെയർമാൻ കെ പി വിനോദ് അധ്യക്ഷത വഹിക്കും. ദുരന്തനിവാരണം, ഫസ്റ്റ് എയ്ഡ്, ഫയർ ഫൈറ്റിങ് തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുന്നത്. തൃശ്ശൂർ ജില്ലാ കളക്ടർ അധ്യക്ഷയായ ജില്ല ദുരന്തനിവാരണ സമിതിയുടെ നേതൃത്വത്തിൽ തൃശ്ശൂർ ജൂബിലി മിഷനിലെ ഡോക്ടർമാർ, ജില്ല ദുരന്ത നിവാരണ സേന, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവർ പരിശീലകരായി ഉണ്ടാകും. നഗരസഭയിലെ 26 സ്കൂളുകളിൽ നിന്നും 5 വീതം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമാണ് പരിശീലനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് നഗരസഭ സർട്ടിഫിക്കറ്റുകൾ നൽകും. നഗരസഭ ദുരന്തനിവാരണ സബ് കമ്മറ്റി ചെയർമാൻ ആന്റോ തോമസ്, നഗരസഭ മുൻ ചെയർമാൻ ടി ടി ശിവദാസ്, എ പി ബാബു മാസ്റ്റർ, നഗരസഭ സെക്രട്ടറി വി പി ഷിബു എന്നിവർ പങ്കെടുക്കും.

## ജില്ലയിലെ ആദ്യത്തെ മൾട്ടിപ്പർപ്പസ് അഭയകേന്ദ്രം ഒരുങ്ങുന്നു
# തീരദേശവാസികൾക്ക് തുണയായി അഴീക്കോട് സൈക്ലോൺ ദുരിതാശ്വാസ അഭയകേന്ദ്രം

കടൽക്ഷോഭം, ചുഴലിക്കാറ്റ് തുടങ്ങി പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് രക്ഷനേടാൻ തീരദേശവാസികൾക്ക് തുണയായി ജില്ലയിലെ ആദ്യത്തെ മൾട്ടിപ്പർപ്പസ് സൈക്ലോൺ ദുരിതാശ്വാസ അഭയകേന്ദ്രം അഴീക്കോട് ഒരുങ്ങുന്നു. മൂന്നരക്കോടി രൂപ ചെലവഴിച്ച് എറിയാട് പഞ്ചായത്തിൽ അഴീക്കോട് വില്ലേജ് ഓഫീസിന്റെ ഇരുപത് സെന്റ് സ്ഥലത്താണ് സൈക്ലോൺ ഷെൽട്ടർ ഹോം നിർമ്മിക്കുക. വിവിധോദ്ദേശ്യങ്ങൾക്ക് ഉപകരിക്കും വിധമാണ് കേന്ദ്രത്തിന്റെ നിർമ്മാണം. സംസ്ഥാനത്തെ മൂന്നാമത്തെ അഭയകേന്ദ്രമാണിത്. ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതി പ്രകാരം സംസ്ഥാന ചുഴലിക്കാറ്റ് പ്രതിരോധ നടത്തിപ്പ് കേന്ദ്രത്തിന്റെ കീഴിലാണ് കേന്ദ്രം സ്ഥാപിക്കുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അഭയകേന്ദ്ര പരിപാലനകമ്മറ്റി രൂപീകരിക്കുന്നതിനായി എറിയാട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വിളിച്ചു ചേർത്ത യോഗത്തിൽ എൻ.സി.ആർ.എം.പി സംസ്ഥാന കമ്മ്യൂണിറ്റി മോബിലൈസർ സിറിയക് ആണ് ഇക്കാര്യം വ്യക്തമാക്കിയത്.

7500 ചതുരശ്ര അടിയിലായി മൂന്ന് നിലകളിലായാണ് കെട്ടിടം നിർമ്മിക്കുക. എല്ലാ നിലകളിലുമായി ഏകദേശം 20 ബാത്ത്റൂം, അടുക്കള, ജനറേറ്റർ റൂം തുടങ്ങി എല്ലാവിധ സൗകര്യങ്ങളും ഉണ്ടാകും. ഭിന്നശേഷിക്കാർക്ക് കൂടി ഉപകാരപ്രദമായ രീതിയിൽ റാമ്പുകളും അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന ഹെലികോപ്റ്റർ എയർ ഡ്രോപ്പ് സംവിധാനവും ഇതോടനുബന്ധിച്ച് ഉണ്ടാകും. 2022ഓടെ പണി പൂർത്തീകരിച്ച് തീരദേശത്തെ ദുരന്തനിവാരണകാര്യശേഷി വർധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ 9 ജില്ലകളിലായി പതിനാല് ഇടങ്ങളിലാണ് അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. ഒരേ മാതൃകയാണിവയുടെ നിർമ്മാണം.

ദുരന്തനിവാരണഅതോറിറ്റിയുടെ നിർദ്ദേശപ്രകാരം പഞ്ചായത്ത് പ്രസിഡന്റ്(ചെയർമാൻ), പഞ്ചായത്ത് സെക്രട്ടറി(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ), വില്ലേജ് ഓഫീസർ(കൺവീനർ), പോലീസ് സബ് ഇൻസ്പെക്ടർ, ഡിവിഷണൽ ഫയർ ഓഫീസർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, കുടുംബശ്രീ, ഭിന്നശേഷിക്കാർ എന്നിവരുടെ പ്രതിനിധികളുൾപ്പെടുന്ന അഭയകേന്ദ്ര പരിപാലനകമ്മറ്റിയും ഇതിന്റെ ഭാഗമായി രൂപീകരിച്ചു. ത്രിതല പഞ്ചായത്ത് അംഗങ്ങളേയും പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരേയും മെഡിക്കൽ ഓഫീസർമാരേയും ഇതിൽ പിന്നീട് ഉൾപ്പെടുത്തും. ദുരന്തനിവാരണകാര്യശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫസ്റ്റ് എയ്ഡ് കമ്മിറ്റികൾ രൂപീകരിക്കും. ദുരന്തനിവാരണപ്രവർത്തനങ്ങളിൽ താത്പര്യമുള്ളവരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകും. 25 ശതമാനം സ്ത്രീപങ്കാളിത്തത്തോടെ 30 പേരടങ്ങുന്ന വളണ്ടിയർ കമ്മറ്റിയാണ് രൂപീകരിക്കുക. ഫയർഫോഴ്സിന്റെ സഹായത്തോടെ പഞ്ചായത്തുകളിൽ മോക്ഡ്രില്ലുകളും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ബോധവത്കരണക്ലാസുകളും സംഘടിപ്പിക്കും. എറിയാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് പി.എം. അബ്ദുള്ള, സെക്രട്ടറി പി.എ. താജു, ജില്ലാ പഞ്ചായത്തംഗം നൗഷാദ് കൈതവളപ്പിൽ, അഴീക്കോട് വില്ലേജ് ഓഫീസർ റസിയ, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ അംബികാ ശിവപ്രിയൻ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

# പെരുന്തോട് നവീകരണം അമ്പത് ശതമാനം പൂർത്തിയായി; പെരുമ വീണ്ടെടുക്കാൻ സ്കൂൾ വിദ്യാർത്ഥികളും

നാടിന്റെ വികസനത്തിന് മാറ്റുകൂട്ടുന്ന പെരുന്തോട്-വലിയതോട് നവീകരണത്തിന് പങ്കാളിത്തം വഹിച്ച് സ്കൂൾ വിദ്യാർത്ഥികളും. പെരുന്തോടിന്റെ നവീകരണപ്രവർത്തനങ്ങൾ അമ്പത് ശതമാനം പൂർത്തീകരിച്ച വേളയിലാണ് കഴുവിലങ്ങ് ഗവ.എൽ.പി സ്കൂളിലെ

വിദ്യാർത്ഥികൾ തോടിന്റെ ജലസമൃദ്ധി വീണ്ടെടുക്കാനുള്ള ശ്രമങ്ങൾക്ക് കൂട്ടായെത്തിയത്. സംസ്ഥാനത്തെ ഏറ്റവും വലിയ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്ന ആദ്യത്തെ തോടാണ് പെരുന്തോട്-വലിയതോട്. തോടിനേയും പ്രകതിയേയും സംരക്ഷിക്കുക എന്നെഴുതിയ ബാനറുകളുമേന്തിയ 22 കുട്ടികളാണ് മരം നടാനെത്തിയത്. ഞാവൽ, മാവ്, ആത്ത തുടങ്ങിയ 25 ഫലവൃക്ഷങ്ങളാണ് തോടിന് ഇരുകരകളിലുമായി നട്ടത്. ഇവയുടെ സംരക്ഷണവും കുട്ടികൾ തന്നെ ഏറ്റെടുക്കുമെന്ന് മരം നടലിന് നേതൃത്വം നൽകിയ പ്രിൻസിപ്പൽ കെ.എം. സിജി പറഞ്ഞു.

രണ്ടാം ഘട്ട നവീകരണത്തിൽ 6950 മീറ്റർ പുനരുദ്ധാരണപ്രവൃത്തി 31393 തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് അമ്പത് ശതമാനം വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞതായി മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസി. കെ.കെ. അബീദലി പറഞ്ഞു. 10,477,590 രൂപയാണ് ഇതിനകം ചെലവായ തുക. 4625 മീറ്റർ കയർ ഭൂവസ്ത്രമുപയോഗിച്ച് സംരക്ഷിക്കാൻ സാധിച്ചു. പുനരുദ്ധാരണപ്രവർത്തനത്തിന്റെ ഭാഗമായി ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിക്കുകയും സമീപവാസികൾക്ക് മത്സ്യം, പച്ചക്കറി കൃഷികൾ എന്നിവയിലൂടെ വരുമാനമാർഗം വർദ്ധിച്ചതായും അദ്ദേഹം പറയുന്നു. പെരുന്തോടിന്റെ ഓരങ്ങൾ സൗന്ദര്യവത്കരിക്കുന്നതിന്റെ ഭാഗമായി ഇരുവശവും നടപ്പാതകൾ നിർമ്മിക്കുകയും വിശ്രമപാതകൾ ഒരുക്കുന്നതിനുമുള്ള നടപടികളും ആരംഭിച്ചു. രാമച്ചം, പുല്ല്, മുള എന്നിവ നട്ട് മണ്ണൊലിപ്പ് തടയുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. സ്ലൂയിസ് വാൽവുകൾ, തടയണ എന്നിവ നിർമ്മിച്ച് വയോജനങ്ങൾക്ക് വിശ്രമസമയം ചെലവഴിക്കുന്നതിന് വേണ്ടിയുള്ള സൗകര്യമൊരുക്കും. തോടിന് ഇരുവശവും സോളാർ ദീപവിതാനമൊരുക്കാനും പദ്ധതിയുണ്ട്.

മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഞ്ച് ഗ്രാമപ്പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന 14.7 കി.മീ നീളത്തിൽ പരന്നുകിടക്കുന്ന പെരുന്തോട് ഏതാനും വർഷം മുമ്പ് വരെ തീരദേശമേഖലയിലെ പ്രധാന ഉൾനാടൻ ജലഗതാഗതമാർഗ്ഗവും ജലസ്രോതസ്സുമായിരുന്നു. മണ്ഡലത്തിലെ റോഡുകളുടെ വികസനത്തിന് മുമ്പ് പ്രധാന ഗതാഗതമാർഗവും പുരാതനകാലത്തെ ചരക്കുഗതാഗത മാർഗവുമായിരുന്നു. മത്സ്യബന്ധനം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട ഉപജീവനമാർഗവുമായിരുന്നു. പിന്നീട് അനധികൃതകൈയേറ്റങ്ങൾ വന്നതോടെ തോടിന്റെ പെരുമ നശിച്ചു. വേനലറുതിയും വരൾച്ചയും രൂക്ഷമായതോടെയാണ് അനധികൃതകൈയേറ്റങ്ങൾ ഒഴിവാക്കി, മാലിന്യം നീക്കി ആഴംകൂട്ടി പെരുന്തോട് സംരക്ഷിക്കാൻ മതിലകം ബ്ലോക്ക് പഞ്ചായത്ത് തീരുമാനിക്കുന്നത്. തുടർന്ന് 2017 മാർച്ച് 17ന് സർക്കാരിന്റെ ഹരിതമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൈപ്പമംഗലം നിയോജകമണ്ഡലം എം.എൽ.എ ഇ.ടി. ടൈസൺ മാസ്റ്റർ ചെയർമാനായും പെരുന്തോട് കടന്നുപോകുന്ന പെരിഞ്ഞനം, മതിലകം, ശ്രീനാരായണപുരം, എടവിലങ്ങ്, എറിയാട് എന്നീ പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ കൺവീനർമാരായും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജനറൽ കൺവീനറായും സമിതി രൂപീകരിച്ച് പെരുന്തോട് പുനരുദ്ധാരണപ്രവൃത്തിക്ക് തുടക്കം കുറിച്ചു. തൊഴിലുറപ്പ് തൊഴിലാളികളും ക്ലബ്ബുകളും സന്നദ്ധസംഘടനകളും വിദ്യാർത്ഥികളും നവീകരണത്തിൽ പങ്കാളികളായി.

# ഭാഗ്യക്കുറി ടിക്കറ്റ്:
# ബോധവൽക്കരണം ഇന്ന്

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വ്യാജ സമ്മാന ടിക്കറ്റുകൾ ഹാജരാക്കി ഭാഗ്യക്കുറി ഏജന്റമാരേയും വിൽപ്പനക്കാരേയും സാമ്പത്തികമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ഏജന്റുമാർക്കും വിൽപനക്കാർക്കുമായി ജില്ലാതല പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഇന്ന് (ജൂൺ 25) രാവിലെ 11 ന് തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് ബോധവൽക്കരണ പരിപാടി. എല്ലാ ക്ഷേമനിധി അംഗങ്ങളും ഏജന്റുമാരും പങ്കെടുക്കണമെന്ന് ക്ഷേമനിധി ഓഫീസർ അറിയിച്ചു.

## ത്രിവത്സര സിവിൽ സർവീസ് പരിശീലനം: അപേക്ഷ ക്ഷണിച്ചു

പൊന്നാനി കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ കേന്ദ്രത്തിൽ ജൂലൈ മാസത്തിൽ ആരംഭിക്കുന്ന ത്രിവത്സര സിവിൽ സർവീസ് പരീക്ഷാപരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. കോളേജ് വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലുമാണ് ക്ലാസുകൾ. ജൂൺ 26 മുതൽ ജൂലൈ 10 വൈകീട്ട് അഞ്ച് മണി വരെ www.ccek.org ൽ ൽ ഓൺലൈനായി അപേക്ഷ നൽകാം. പ്രവേശനപരീക്ഷ ജൂലൈ 14 ന് രാവിലെ 11 ന് പൊന്നാനി അക്കാദമി കേന്ദ്രത്തിൽ നടക്കും. ജൂലൈ 21 ന് ക്ലാസുകൾ ആരംഭിക്കും. പാലോളി കമ്മറ്റി റിപ്പോർട്ടിന്റെ ശുപാർശപ്രകാരം സ്ഥാപിതമായ കേന്ദ്രത്തിലെ 50 ശതമാനം സീറ്റുകൾ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾക്കും 10 ശതമാനം സീറ്റുകൾ എസ് സി-എസ് ടി വിഭാഗക്കാർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ഇവർക്ക് ട്യൂഷൻഫീസ് സൗജന്യമാണ്. ഫീസ് ഘടന, മാതൃകാ ചോദ്യപേപ്പർ എന്നിവ www.ccek.org ൽ ലഭ്യമാണ്. ഫോൺ: 0494- 2665489.

## യോഗം 28 ന്

ജില്ലാ വിജിലൻസ് കമ്മിറ്റി യോഗം ജൂൺ 28 വൈകീട്ട് 3 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരുമെന്ന് വിഎസിബി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് അറിയിച്ചു.

## ടെലിവിഷൻ ജേർണലിസം: അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് കെൽട്രോൺ സെന്ററിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ടെലിവിഷൻ ജേണലിസം (ഒരു വർഷം) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദമുള്ളവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രായ പരിധി ഇല്ല. പഠന കാലയളവിൽ ചാനലുകളിൽ പരിശീലനം, ഇന്റൺഷിപ്പ് എന്നിവക്കുള്ള അവസരമുണ്ട്. പ്ലേസ്മെന്റ് സഹായവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. ക്ലാസുകൾ ജൂലൈ മാസത്തിൽ കോഴിക്കോട് കെൽട്രോൺ നോളേജ് സെന്ററിൽ ആരംഭിക്കും. www.ksg.keltron.in
എന്ന വെബ്സൈറ്റിൽ അപേക്ഷാ ഫോം ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 25 ഫോൺ : 8137969292, 638840883.

## പി കെ പത്മരാജൻ കൊടുങ്ങല്ലൂർ സർക്കിൾ ഇൻസ്പെക്ടർ

കൊടുങ്ങല്ലൂർ സർക്കിൾ ഇൻസ്പെക്ടർ (എസ്.എച്ച്. ഒ) ആയി പി.കെ. പത്മരാജൻ ചുമതലയേറ്റു. ഇത് മൂന്നാം തവണയാണ് കൊടുങ്ങല്ലൂരിന്റെ ക്രമസമാധാനപാലകനായി പത്മരാജൻ ചുമതലയേൽക്കുന്നത്. നേരത്തെ എസ്.ഐ ആയും പിന്നീട് സി.ഐ ആയും അദ്ദേഹം കൊടുങ്ങല്ലൂരിൽ പ്രവർത്തിച്ചിട്ടുണ്ട്. സർക്കിൾ ഇൻസ്പെക്ടർ ആയിരിക്കെ നഗരത്തിൽ നടപ്പാക്കിയ ഗതാഗത പരിഷ്കാരങ്ങൾ ശ്രദ്ധേയമായിരുന്നു.

## വർക്കർ/ഹെൽപ്പർ നിയമനം

ചാവക്കാട് ഐ.സി.ഡി.എസ്സിനു കീഴിലുള്ള ചാവക്കാട് മുനിസിപ്പാലിറ്റി, വടക്കേക്കാട് പഞ്ചായത്ത് എന്നിവിടങ്ങളിലെ അങ്കണവാടികളിലേക്ക് വർക്കർ/ ഹെൽപ്പർ സ്ഥിരം ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 18 നും 46 നും ഇടയിൽ പ്രായമുള്ള വനിതകളായിരിക്കണം അപേക്ഷകർ. പത്താം തരം പാസ്സായവർക്ക് വർക്കർ തസ്തികയിലേക്കും പത്താം തരം പാസ്സാകാത്ത വർക്ക് ഹെൽപ്പർ തസ്തികയിലേക്കും അപേക്ഷിക്കാം. അപേക്ഷ ജൂലൈ 12 വരെ ചാവക്കാട് ഐ.സി.ഡി.എസ്. ഓഫീസിൽ സ്വീകരിക്കും. ഫോൺ : 0487-2507707.

# ബാഡ്മിന്റൺ ടൂർണ്ണമെന്റ് 29 ന്

തൃശൂർ ജില്ലാ ഓഫീസേഴ്സ് ക്ലബിന്റെ നേതൃത്വത്തിൽ ഷട്ടിൽ ബാഡ്മിന്റൺ ഡബിൾസ് ഓപ്പൺ ടൂർണ്ണമെന്റ് ജൂൺ 29 ന് നടക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂൺ 29 നകം പേര് രജിസ്റ്റർ ചെയ്യണമെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ: 7736667799,9447556570.

# വിചാരണ മാറ്റി

തൃശൂർ ലാൻഡ് ട്രൈബ്യൂണൽ ആൻഡ് ഡെപ്യൂട്ടി കളക്ടർ (എൽ ആർ) ജൂൺ 25 ന് തൃശൂർ കളക്ടറേറ്റിൽ നടത്താൻ നിശ്ചയിച്ച എല്ലാ എസ്എം കേസുകളുടെ വിചാരണ ജൂലൈ 27 ലേക്ക് മാറ്റി.

# ഫ്ളാറ്റിന് അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കുട്ടനെല്ലൂർ ഇന്നവേറ്റീവ് (അത്താണി) ഭവന പദ്ധതിയിലെ ഒഴിവുള്ള ഫ്ളാറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിദൂര സ്ഥലങ്ങളിൽ നിന്നും തൃശൂർ കോർപ്പറേഷൻ പരിധിയിൽ ജോലി ചെയ്യുന്ന ദാരിദ്രരേഖയ്ക്ക് താഴെയുള്ള വിധവകളായ തൊഴിലാളികൾക്ക് മുൻഗണന നൽകി വാടകയ്ക്ക് നൽകുന്നതിന് നിർമ്മിച്ച ഫ്ളാറ്റുകളാണിത്. കേരളീയരല്ലാത്തവരുടെയും കോർപ്പറേഷൻ പരിധിയിൽ വീടുള്ളവരുടെയും അപേക്ഷ സ്വീകരിക്കില്ല. അപേക്ഷഫോറം ഭവന നിർമ്മാണ ബോർഡിന്റെ തൃശൂർ അയ്യന്തോളിലെ ഓഫീസിൽ നിന്നും ലഭിക്കും. അപേക്ഷഫോറത്തിന്റെ വിലയും നികുതിയുൾപ്പെടെ 112 (നൂറ്റിപന്ത്രണ്ട്) രൂപയാണ് വില. പൂരിപ്പിച്ച അപേക്ഷ ജൂലൈ 18 വരെ സ്വീകരിക്കും. ഫോൺ: 0487-2360849.

# പിഎസ്സി അഭിമുഖം

ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അറബിക് ടീച്ചർ (കാറ്റഗറി നമ്പർ: 210/18) തസ്തികയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ യോഗ്യരായവരുടെ അഭിമുഖം ജൂൺ 26 ന് കോഴിക്കോട് മേഖലാ പിഎസ്സി ഓഫീസിൽ നടത്തും. ഉദ്യോഗാർത്ഥികൾക്ക് എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്തും നിർദ്ദിഷ്ട സ്ഥലത്തും ഹാജരാകണമെന്ന് ജില്ലാ ഓഫീസർ അറിയിച്ചു.

# അപേക്ഷ ക്ഷണിച്ചു

തൃശൂർ കെൽട്രോൺ നോളേജ് സെന്ററിൽ മെഷീൻ ലേണിങ്, ജാവ, പൈതൺ, പിഎച്ച്പി, ഡോട്ട്നെറ്റ് എന്നീ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം നേരിട്ട് എത്തണം. ഫോൺ: 0487-2429000.

# പ്രളയാനന്തരം സഹായം: ഇലക്ട്രിക്കൽ കിറ്റ് കൈമാറി

പ്രളയദുരിതത്തിൽപെട്ടവർക്കുള്ള സഹായമായി ജില്ലയിലെ പുനർനിർമ്മാണത്തിലിരിക്കുന്ന വീടുകൾക്കുള്ള ഇലക്ട്രിക്കൽ കിറ്റുകളുടെ വിതരണം ജില്ലാ കളക്ടർ ടി വി അനുപമ ഫ്ളാഗ് ഓഫ് ചെയ്തു. പോളി ക്യാബ് ഇന്ത്യാ ലിമിറ്റഡ് അവരുടെ സാമൂഹ്യസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തിയാണ് കിറ്റുകൾ വിതരണത്തിനെത്തിച്ചത്. വീടുകൾ വൈദ്യുതീകരണത്തിനുതുകന്ന വയർ, സ്വിച്ച്, എംസിബി, ഫാൻ, സോക്കറ്റ്, റെഗുലേറ്റർ, എൽഇഡി ബൾബ് എന്നിവയാണ് ഒരു കിറ്റിലുള്ളത്. കളക്ടറേറ്റ് അങ്കണത്തിൽ പോളി ക്യാബ് ഇന്ത്യ ലിമിറ്റഡ് പ്രസിഡണ്ട് എം സെബാസ്റ്റ്യൻനാണ് ജില്ലാ കളക്ടർ ടി വി അനുപമയ്ക്ക് കിറ്റുകൾ കൈമാറിയത്. സംസ്ഥാനത്താകെ ഏഴായിരും കിറ്റുകളാണ് കമ്പനി വിതരണം ചെയ്യുന്നത്.

# ഐടിഐ പ്രവേശനം:
# അപേക്ഷ ക്ഷണിച്ചു

മണലൂർ ഗവ. ഐടിഐ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. രണ്ട് വർഷ ദൈർഘ്യമുള്ള ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ എന്നീ കോഴ്സുകൾക്ക് www.itiadmissions.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 29. റാങ്ക് പട്ടിക, കൗൺസിലിങ് തീയതി എന്നിവ www.itimanaloor.kerala.gov.in എന്ന വെബ് സൈറ്റിലൂടെ അറിയാം. അപേക്ഷ സമർപ്പിക്കുമ്പോൾ മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി, ആധാർ കാർഡ് നമ്പർ, ബ്ലഡ് ഗ്രൂപ്പ് എന്നിവ നൽകണം.